ആനുകൂല്യങ്ങളിൽ ചിലത് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു മുഖേന നടപ്പിലാക്കി വരുന്ന 20-ഓളം ക്ഷേമ പദ്ധതികളിൽ വരുത്തിയ ഭേദഗതികൾക്ക് സർക്കാർ അംഗീകാരം ആവശ്യമാണെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1-4-2004 മുതൽ നൽകിയിട്ടില്ല. അവ നൽകുന്നതിനുള്ള നടപടികളെടുത്തു വരുന്നു.

മത്സ്യത്തൊഴിലാളികളുടെ വീട് പുനർനിർമ്മാണത്തിന് കേന്ദ്രം നൽകിയ തുക

107 [1086] ശ്രീ. പി. ടി. തോമസ്:
" പ്രയാർ ഗോപാലകൃഷ്ണൻ:
" എ. സുജനപാൽ:
" എ. പി. അനിൽകുമാർ:
" വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽ വീട് നശിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വീട് പുനർനിർമ്മിക്കുന്നതിന് കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ എത്ര തുക നൽകിയിരുന്നു;

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചു;

(സി) ഈ തുക ഉപയോഗിച്ച് എത്ര പേർക്ക് വീട് പുനർനിർമ്മിക്കുന്നതിനുള്ള സഹായം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) കേന്ദ്ര സർക്കാരിൽനിന്ന് തുക ലഭിച്ചിട്ടില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

അപകടമരണത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം

108 [1087] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
" തിരുവഞ്ചൂർ രാധാകൃഷ്ണൻ:
" എ. പി. അനിൽകുമാർ:
" എൻ. ശക്തൻ:
" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇതുവരെ മത്സ്യബന്ധനത്തിനുപോയ എത്ര മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട് മരണമടഞ്ഞിട്ടുണ്ട്;

(ബി) അവരുടെ ആശ്രിതർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് നൽകുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ കാലതാമസം വരുത്തിയതിനുള്ള കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) 14 പേർ.

(ബി) മരണമടഞ്ഞവരിൽ ഒരാളുടെ ആശ്രിതന് 5000 രൂപ അടിയന്തിര ധന സഹായമായി നൽകിയിട്ടുണ്ട്.

(സി ആന്റ് ഡി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരെ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പു മുഖേനയാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്. ഒരു ലക്ഷം രൂപയാണ് ഇൻഷ്വറൻസ് പരിരക്ഷ. ഇൻഷ്വറൻസ് വകുപ്പ് അപേക്ഷകൾ പരിശോധന നടത്തി അനുവദിക്കുന്ന മുറയ്ക്കാണ് ധനസഹായം നൽകുന്നത്. ക്ലയിമുകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ആവശ്യമായ സമയവും ഫണ്ടിന്റെ ലഭ്യതയുമാണ് കാലതാമസത്തിനു കാരണം.

കടൽക്ഷോഭം മൂലമുണ്ടാകുന്ന അപകട മരണങ്ങളും നാശനഷ്ടങ്ങളും നിയന്ത്രിക്കുന്നതിന് സംവിധാനം

109 [1088] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷമുണ്ടായ കടൽക്ഷോഭത്തിൽ എത്രപേർ മരണപ്പെട്ടതായി അറിവായിട്ടുണ്ട്;

(ബി) കാണാതായവരെ കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കടൽക്ഷോഭം മൂലമുണ്ടാകുന്ന അപകടമരണങ്ങളും മറ്റു നാശനഷ്ടങ്ങളും നിയന്ത്രിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഈ വർഷമുണ്ടായ കടൽക്ഷോഭത്തിൽ എത്ര നാശനഷ്ടമുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ എത്ര തുക വീതം സാമ്പത്തിക സഹായം ആർക്കെല്ലാം നൽകി എന്ന് വ്യക്തമാക്കാമോ;

(എഫ്) ഇനി ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം ഈ വിഭാഗത്തിന് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly